# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 301 | 19.02.2013 ന് മറുപടിയ്ക്ക്

### അഗ്നിരക്ഷാസേന നവീകരണം

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്
" പാലോട് രവി
" എ.പി. അബ്ദുള്ളക്കുട്ടി
" എ.റ്റി. ജോർജ്

എ). അഗ്നി രക്ഷാസേനയുടെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

എ) (i) അഗ്നിശമന രക്ഷാ സേവന വകുപ്പിന്റെ നവീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 2070-00-108-94 (പ്ലാൻ) ശീർഷകത്തിൽ 850 ലക്ഷം രൂപ അനുവദിക്കുയും ആയതിന് ജി.ഒ. (എം.എസ്) നം.188/2012/ ആഭ്യന്തരം തീയതി 11.07.2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഭരണാനുമതി ലഭ്യമായ വാട്ടർ ബൗസർ, നോമക്സ് ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ സെർച്ച് ലൈറ്റ്, മോഡേൺ ട്രസ്റ്റഡ്ടൈപ്പ് അലുമിനിയം എക്സ്റ്റൻഷൻ ലാഡർ, മോഡേൺ ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് എന്നിവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ii) ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും ജി.ഒ. (എം.എസ്.)

നം. 298/2012/ആഭ്യന്തരം, തീയതി: 26.11.2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 1332.12 ലക്ഷം രൂപയ്ക്കുളള ഭരണാനുമതി നൽകി യിട്ടുണ്ട്. ആയതിൻമേലുളള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

(iii) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും (75% CSS) ജി.ഒ.(ആർ.റ്റി.) നം. 3552/2012/ആഭ്യന്തരം, തീയതി 4.12.2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 263.67 ലക്ഷം രൂപയ്ക്കുളള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻമേലുളള ടെൻഡർ നടപടി കൾ പുരോഗമിച്ചു വരുന്നു.

(iv) മൺസൂൺ മുൻ കരുതലിന്റെ ഭാഗമായി സെർച്ച് ആന്റ് റസ്ക്യു ഉപകരണങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും സർക്കാർ ഉത്തരവ് (ആർ.ടി) നം. 5736/12/ഡി.എം.ഡി., ഡിസാസ്റ്റർ മാനേജുമെന്റ് (റവന്യൂ കെ) വകുപ്പ് തീയതി: 6.10.2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉപകരണങ്ങൾ വാങ്ങുന്നതിനുളള നടപടി സ്വീകരിച്ച് വരുന്നു.

(v) ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുളള പരിശീലനം ജീവനക്കാർക്ക് നൽകുന്നുണ്ട്.

കൂടാതെ സ്വിമ്മിംഗിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ഒരു നീന്തൽക്കുളം വിയ്യൂർ കേരളാ അഗ്നി ശമന രക്ഷാ സേവന പരിശീല അക്കാഡമിയിൽ പണി പൂർത്തിയായി വരുന്നു.

(vi) വകുപ്പിനെ നവീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

(vii) അഗ്നിശമന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനായി ജി.ഒ. (ആർ.റ്റി.) നം. 3764/2011/ഹോം, തീയതി 21.12.2011 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 22 സ്ഥലങ്ങൾ ഉൾപ്പെടുത്തിയ ഒരു മുൻഗണനാപ്പട്ടിക നിലവിലുണ്ട്. ആയതിൽ ഇടുക്കി ജില്ലയിലെ മൂലമറ്റം ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് ജി.ഒ.(എം.എസ്.)നം. 104/12/ഹോം. തീയതി 11.4.2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) പ്രദേശിക തലത്തിലുള്ളവരെ ഉൾപ്പെടുത്തി അഗ്നിരക്ഷാസേനയുടെ നവീകരണം നടത്തുന്നകാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുക; | ബി) പ്രാദേശിക തലത്തിലുള്ളവരെ ഉൾപ്പെടുത്തി അഗ്നിരക്ഷാ സേനയുടെ നവീകരണം നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്. അയതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക്കൂടി അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിന് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിയ്യൂരിൽ 195 ലക്ഷം രൂപയുടെ സിവിൽ ഡിഫൻസ് ട്രെയിനിംഗ് സംവിധാനങ്ങളും ഒരുക്കി വരികയാണ്. |
| സി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | സി) പ്രാദേശിക തലത്തിലുള്ളവർക്ക് അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് നൽകിയാൽ അപകടത്തിന്റെ വ്യാപ്തി കുറയ്ക്കുവാനും അതുവഴി നാശനഷ്ടങ്ങൾ കുറയ്ക്കുവാനും, കൂടുതൽ ജീവനുകൾ രക്ഷിക്കുവാൻ കഴിയുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ